(2) ബില്ലിന്റെ അവതരണം സംബന്ധിച്ച്

2016 സെപ്റ്റംബർ 26-ാം തീയതി 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ അവതരിപ്പിച്ചതിനുശേഷം ഭരണഘടനയുടെ ആർട്ടിക്കിൾ 202, 213, 252, 265 നിയമസഭാചട്ടം 69(5), 71, 76, 303 എന്നീ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് തടസ്സവാദം ഉന്നയിക്കുന്നത്. അടിസ്ഥാന സൗകര്യ നിക്ഷേപനിധി ഓർഡിനൻസ് 19-08-2016-ലാണ് ഗവർണ്ണർ വിളംബരം ചെയ്തതെങ്കിലും ഇന്നു രാവിലെയാണ് ഇതിന്റെ പകർപ്പ് നിയമസഭാംഗങ്ങൾക്ക് ലഭിക്കുന്നത്. ബിൽ അവതരണത്തിന് മൂന്ന് ദിവസം മുമ്പ് ബില്ലിന്റെ കോപ്പികൾ, ഇംഗ്ലീഷ് പരിഭാഷ ഉൾപ്പെടെ അംഗങ്ങൾക്ക് ലഭ്യമാക്കണമെന്നാണ് വ്യവസ്ഥയെങ്കിലും അത് ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 202 അനുസരിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കുള്ള വരവും അതിൽനിന്നുള്ള ചെലവുകളുമാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതും പരിഗണിക്കേണ്ടതും. എന്നാൽ, കിഫ്ബി-ക്ക് തിരിച്ച് കൊടുക്കുവാനുള്ള തുക ബഡ്ജറ്റിൽ വകകൊള്ളിക്കുമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് തെറ്റും നിയമവിരുദ്ധവുമാണ്. കൂടാതെ ഇത് ആർട്ടിക്കിൾ 202-ന് എതിരാണ്. സർക്കാർ പുറപ്പെടുവിക്കുന്ന സെക്യൂരിറ്റികൾ സംബന്ധമായ എല്ലാ അധികാരവും പാർലമെന്റിന് നൽകിക്കൊണ്ട് 07-12-2011-ൽ നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം പാർലമെന്റിൽ

നിക്ഷിപ്തമായിക്കഴിഞ്ഞു. സെക്ഷൻ 7 പ്രൊവിസോ അനുസരിച്ച് മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗം കിഫ്ബി-യുടെ നിധിയിലേയ്ക്ക് ഓരോ വർഷവും സർക്കാർ വിഹിതമായി നീക്കിവയ്ക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ആ തുക മറ്റൊരു കാര്യത്തിന് ചെലവാക്കാൻ പാടില്ല. കിഫ്ബി ഇതുവരെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയോ നിധി രൂപീകരിക്കുകയോ നോട്ടിഫൈ ചെയ്യുകയോ ചെയ്തിട്ടില്ലാത്തതിനാൽ അതിന്റെ പ്രവർത്തനത്തിന് നിയമസാധുതയില്ല. ആയതിനാൽ ഈ ബിൽ പിൻവലിച്ച് ഭരണഘടനാനുസൃതമായി ഒരു പുതിയ ബിൽ കൊണ്ടുവരണമെന്നും ഭരണഘടനാപരമായ സംശയങ്ങൾ ദൂരീകരിക്കാൻ എ.ജി.-യുടെ സഹായം തേടാവുന്നതാണെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

ഈ ബില്ലിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ നോൺ റെക്കറിംഗ് എക്സ്പെൻസസ് 15 കോടി രൂപയാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഭേദഗതിയിൽ ബില്ലിലെ ഏത് ക്ലോസുകൾ പ്രകാരമാണ് ഈ നോൺ റെക്കറിംഗ് എക്സ്പെൻസുകൾ വരുന്നത് എന്ന് വ്യക്തമായി രേഖപ്പെടുത്തണം. 20,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനാണ് ഈ ഭേദഗതി ബിൽ കൊണ്ടുവരുന്നതെന്ന് ഉദ്ദേശ്യകാരണങ്ങളിൽ വിവരിക്കുന്നുണ്ടെന്നും കൺസോളിഡേറ്റഡ് ഫണ്ടിന്മേലുള്ള സെക്യൂരിറ്റിയുടെ അടിസ്ഥാനത്തിലാണ് ഒരു സ്റ്റേറ്റിന്റെ ബോറോയിംഗ് പവർ

നിശ്ചയിക്കുന്നതെന്നും 2003-ലെ ആക്ട് അനുസരിച്ച് സർക്കാരിന് ഗ്യാരന്റി നൽകാവുന്ന പരമാവധി തുക എത്രയെന്നും വ്യക്തമായി നിശ്ചയിച്ചിട്ടുണ്ട്. ആക്ട് ഭേദഗതി ചെയ്ത് ഗവൺമെന്റ് ഗ്യാരന്റിക്കുള്ള പരിധി ഉയർത്താതെ ഈ ബിൽ കൊണ്ടുവരുന്നത് ശരിയല്ല. 1999-ലെ ആക്ടിന്റെ 16(2) വകുപ്പ് അനുസരിച്ച് കിഫ്ബി-യുടെ വാർഷിക റിപ്പോർട്ടും അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നും കിഫ്ബി-യുടെ പേരിൽ ചെലവാക്കുന്ന ഭീമമായ തുകയുടെ ട്രാൻസാക്ഷൻ സംബന്ധിച്ച് ചർച്ച ചെയ്യാൻ അനുവദിക്കാതെ നിയമസഭയെ ബൈപ്പാസ് ചെയ്തുകൊണ്ട് ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നത് ഭരണഘടനാ വിരുദ്ധമാണ്. റിസർവ്വ് ബാങ്കിന്റേയും സ്റ്റോക്ക് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെയും അനുമതിയില്ലാതെ ഇടക്കാല ആവശ്യങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിനും സഞ്ചിതനിധിക്കും പുറത്തുനിന്ന് ഭീമമായ തുക കടമെടുക്കുന്നതിനും ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ബോണ്ടുകൾ എന്നിവ വഴി ഫണ്ട് സമാഹരിക്കുന്നതിനുമായി ഇത്തരമൊരു ബിൽ കൊണ്ടുവരുന്നത് നിയമവിരുദ്ധമാണ്. കിഫ്ബി പോലൊരു ബോർഡ് ആരംഭിച്ച് ഫിനാൻഷ്യൽ ട്രാൻസാക്ഷൻ നടത്തുന്നതിന് റിസർവ് ബാങ്കിന്റെയോ സെബിയുടെയോ അനുമതി വാങ്ങിയിട്ടുണ്ടോയെന്ന് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ വ്യക്തമാക്കണം. മൂലനിയമത്തിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്കിന്റെ അനുമതിയില്ലാതെ ഇൻഫ്രാസ്ട്രക്ചർ ബോർഡിന്റെ പേരിൽ 1999-ൽ എൽ.ഡി.എഫ്. സർക്കാർ

ഇറക്കിയ ബോണ്ടുകൾ ആർ.ബി.ഐ.യുടെ നിർദ്ദേശപ്രകാരം തിരിച്ചടയ്ക്കേണ്ടിവന്നുവെന്നും ബോർഡിന്റെ പ്രവർത്തനം തന്നെ നിലച്ചുവെന്നുമുള്ള വസ്തുത വിസ്മരിക്കരുതെന്നും പബ്ലിക്-പ്രൈവറ്റ് സെക്ടറുകളിൽ ബോണ്ട് ഇഷ്യൂ ചെയ്ത് പണം സ്വരൂപിക്കുമ്പോൾ പാർലമെന്റ് പാസ്സാക്കിയ റിസർവ് ബാങ്ക് ആക്ടും സെബി ആക്ടും കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും പ്രതിപക്ഷ അംഗവും പ്രസ്തുത വിഷയം സംബന്ധിച്ച് പ്രതിപക്ഷത്തെ മറ്റൊരംഗവും ക്രമപ്രശ്നം ഉന്നയിച്ചു.

ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളൊന്നും ഈ നിയമം അവതരിപ്പിക്കുന്നതിന് തടസ്സമാകുന്നില്ലെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 213 (2) (എ) പ്രകാരം ബിൽ അവതരിപ്പിച്ചിട്ടുള്ളതിനാൽ അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്ന് മാത്രമല്ല, പ്രസ്തുത ബില്ലിന്മേൽ അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള എതിർപ്പുകൾ സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിൽ വിശദമായി പരിശോധിക്കുന്നതാണെന്നും 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവുകൾ വരുന്ന ഖണ്ഡങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്നും റെക്കറിംഗ്, നോൺ റെക്കറിംഗ് എക്സ്പെൻസസിനെ സംബന്ധിച്ച് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പ്രതിപാദിക്കണമെന്ന വാദവും റിസർവ് ബാങ്കിന്റെ നിർദ്ദേശപ്രകാരമല്ലാതെ 1999-

ലെ എൽ.ഡി.എഫ്.ഗവൺമെന്റ് ബോണ്ട് വഴി സ്വരൂപിച്ച പണം തിരിച്ചടയ്ക്കേണ്ടിവന്നു എന്നുള്ള ആരോപണവും അടിസ്ഥാനരഹിതമാണ്. ഭേദഗതി ചെയ്യപ്പെടുന്ന ആക്ടിന്റെ 3 -ാം വകുപ്പ് (8)-ാം ഉപവകുപ്പുപ്രകാരം സർക്കാർ വാർഷിക ബഡ്ജറ്റിന്റെ അവതരണത്തോടൊപ്പം ബോർഡിന്റെ ധനാഗമമാർഗ്ഗങ്ങളും അവയുടെ വിനിയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റും സമർപ്പിക്കണമെന്ന വ്യവസ്ഥ പര്യാപ്തമാണെന്നും 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ട് ഭേദഗതി ചെയ്തുകൊണ്ട് സെബിയും ഭാരതീയ റിസർവ് ബാങ്കും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ സെബിയുടെയും റിസർവ് ബാങ്കിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ബോണ്ടുകൾ പുറപ്പെടുവിക്കാവുന്നതാണെന്നും ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച തടസ്സവാദങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞെങ്കിലും ശ്രീ. കെ. എം. മാണി ഉന്നയിച്ച കാര്യങ്ങൾക്ക് ചെയറിന്റെ ഭാഗത്തുനിന്ന് വിശദീകരണം നൽകേണ്ടതുണ്ട്. ചട്ടം 71-ന്റെ അവതരണാനുമതിയുമായി ബന്ധപ്പെട്ട കാര്യമാണ് അദ്ദേഹം ഉന്നയിച്ചത്. അത് പ്രൈവറ്റ് ബില്ലുമായി ബന്ധപ്പെട്ട ചട്ടമാണ്. ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട

---

* XIV KLA/II Session Vol.163 Report No. 1 dated 26-09-2016

ഗവൺമെന്റ് ബില്ലാണിത്. രണ്ടാമതായി അദ്ദേഹം ഉന്നയിച്ചത് ഓർഡിനൻസ് യഥാസമയം ലഭ്യമായിട്ടില്ലെന്നാണ്. ഓർഡിനൻസ് ഗസറ്റിൽ പബ്ലിഷ് ചെയ്തിരിക്കുന്നത് 19.08.2016-നാണ്. ബില്ലിന്റെ കോപ്പി 21.09.2016-നും ഇംഗ്ലീഷ് പരിഭാഷ 25.09.2016-നും നൽകിയിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു. ആയതിനാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യാവുന്നതാണ്. സഭ മുമ്പാകെ വരുന്ന ബില്ലുകളിൽ ധനകാര്യ മെമ്മോറാണ്ടം വ്യക്തമായി പ്രതിപാദിക്കത്തക്കവിധത്തിലുള്ളതായിരിക്കണമെന്ന് മുമ്പ് റൂളിംഗ് നൽകിയിട്ടുണ്ട്. അത് പരിഹരിക്കപ്പെടണമെന്ന് ചെയർ ആവർത്തിക്കുന്നു"